

# പരിശുദ്ധാത്മാവിനോടുള്ള
# നൊവേന



# പരിശുദ്ധാത്മാവിനോടുള്ള

# നൊവേന

# ആമുഖം

കേരളത്തിൽ ആരംഭിച്ച്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇന്ന് ഇരുപത്തിരണ്ടോളം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന കരിസ്മാറ്റിക് യുവജന മുന്നേറ്റമാണ് "ജീസസ് യൂത്ത്". പ്രാർത്ഥന ഗ്രൂപ്പുകളും സെല്ലുകളും വിവിധങ്ങളായ മിനിസ്ട്രികളുമാണ് ഈ മുന്നേറ്റത്തിന്റെ ശക്തി. ഈ മുന്നേറ്റത്തിലെ അംഗങ്ങൾക്ക് കൂടുതലായി പരിശുദ്ധാത്മാവിൽ നിറയണമെന്ന പ്രേരണ പലരിലൂടെയായി ദൈവം നൽകികൊണ്ടിരുന്നു. അതിന്റെ ഫലമായി ആഗോള തലത്തിൽ നൂറുദിവസത്തെ പന്തക്കുസ്താ ഒരുക്ക പ്രാർത്ഥനകളും കൂട്ടായ്മകളും നടന്നുവരുന്നു.

ഈ നൂറുദിവസം നീണ്ടുനിൽക്കുന്ന ഒരുക്കത്തെ ഈസ്റ്ററിനായുള്ള അൻപതു ദിവസത്തെ ഒരുക്കമായും പന്തക്കുസ്തായ്ക്കായുള്ള അൻപതു ദിവസത്തെ ഒരുക്കമായും രണ്ടായി തിരിച്ചിരിക്കുന്നു. 'പന്തക്കുസ്ത ദിനം' പുനഃസമർപ്പണ ദിനമായി ലോകമെമ്പാടുമുള്ള ജീസസ് യൂത്ത് അംഗങ്ങൾ ആചരിക്കുന്നു. ഇതിനു സഹായിക്കുന്നതാണ് ഈ നൊവേന പുസ്തകം. സഭയുടെ

പാരമ്പര്യ പ്രാർത്ഥനകൾക്കൊപ്പം മറ്റുചില പ്രാർത്ഥനകൾ ചേർത്തും, ജീസസ് യൂത്ത് മുന്നേറ്റത്തിന്റേതായ ചില പ്രത്യേക നിയോഗങ്ങൾ ഉൾപ്പെടുത്തിയും, 'പുത്തനൊരു അഭിഷേകം' ലഭിക്കുന്നതിനായയാണ് ഈ നൊവേന പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

ഈ വർഷത്തെ 'പന്തക്കുസ്താദിനം' ആഗോളതലത്തിൽ ജീസസ് യൂത്തിന്റെ പുത്തനുണർവ്വിന്റെ അവസരമായിരിക്കും. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പുന:സമർപ്പണ പ്രാർത്ഥനയും, പന്തക്കുസ്താ ദിനത്തിലുള്ള ഒത്തുചേരലും എല്ലാവർക്കും ആഴമേറിയ ആത്മീയാനുഭവമായിരിക്കുമെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. പുത്തനുണർവ്വ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്ന, മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിനും കത്തോലിക്കാസഭയ്ക്കും ഒരു മുതൽക്കൂട്ടായിരിക്കും.

## ഉള്ളടക്കം


| | | |
|---|---|---|
| 1. | അവതാരിക | 5 |
| 2. | നൊവേനയുടെ ഘടന | 6 |
| 3. | പൊതുപ്രാർത്ഥനകൾ | 7 |
| 4. | ഒമ്പതു ദിവസങ്ങളിലെ പ്രാർത്ഥനകൾ | 9 |
| 5. | പന്തക്കുസ്താ തിരുനാൾ | 37 |
| 6. | ജീസസ് യൂത്ത് പുന:സമർപ്പണ പ്രാർത്ഥന | 45 |

# അവതാരിക

"പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ എല്ലാം തണുത്തുമരവിച്ചിരിക്കും. നമ്മുടെ ഉത്സാഹവും തീക്ഷ്ണതയും നഷ്ടപ്പെടുകയാണെന്ന് തോന്നുമ്പോഴെല്ലാം ആവുന്നത്ര നേരത്തെ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കണം. വിശ്വാസവും സ്നേഹവും നമുക്ക് ലഭിക്കുന്നതിന് പരിശുദ്ധാത്മാവിനോടുള്ള നൊവേന ഭക്തിതീക്ഷ്ണതയോടെ നമുക്ക് ചൊല്ലാം." വി. ജോൺ മരിയ വിയാനി.

പരിശുദ്ധാത്മാവിനോടുള്ള നൊവേനയാണ് ഏറ്റവും പഴക്കമുള്ള നൊവേന. ആദ്യത്തെ പെന്തക്കുസ്തായിൽ പരിശുദ്ധാത്മാവിന്റെ ആഗമനം കാത്തിരിക്കാൻ തന്റെ ശ്ലീഹന്മാരെ ജറുസലേമിലേക്ക് അയച്ചപ്പോൾ കർത്താവ് നൽകിയ നിർദ്ദേശപ്രകാരമാണ് അത് ആദ്യം നടത്തിയത്.

സഭ ഔദ്യോഗികമായി നിർദ്ദേശിച്ചിട്ടുള്ള ഏക നൊവേന ഇതാണ്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനോടുള്ള ഈ നൊവേന പ്രാർത്ഥന ഓരോ ക്രൈസ്തവന്റെയും ജീവിതത്തിൽ അങ്ങേയറ്റം ആവശ്യമായിരിക്കുന്ന പ്രകാശത്തിനും ശക്തിക്കും സ്നേഹത്തിനും വേണ്ടിയുള്ള സുശക്തമായ യാചനയാണ്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കല്പനയനുസരിച്ചും നമ്മുടെ പരിശുദ്ധ അമ്മയായ കന്യാമറിയത്തിന്റെ സാന്നിധ്യത്തിലും നടത്തിയതാകയാൽ ഇത് മറ്റെല്ലാ നൊവേന പ്രാർത്ഥനകൾക്കും ഒരു മാതൃക കൂടിയാണ്.

പെന്തക്കുസ്തായ്ക്ക് നമ്മെത്തന്നെ ഒരുക്കാൻവേണ്ടി ഈ നൊവേന ഒമ്പതു ദിവസത്തേയ്ക്ക് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാലും ഈ നൊവേന പ്രാർത്ഥന ഏതു സമയത്തും ചൊല്ലാവുന്നതാണ്. ആദ്ധ്യാത്മികാഭിഷേകം ആവശ്യമാണെന്ന് നമുക്ക് തോന്നുമ്പോഴൊക്കെ ഇത് നടത്താം.

## നൊവേനയുടെ ഘടന

1. പരിശുദ്ധാത്മാവിനോടുള്ള ഗാനം: "പരിശുദ്ധാത്മാവേ എഴുന്നള്ളിവരണേ."
2. ആമുഖപ്രാർത്ഥന: "ഓ എന്റെ ദൈവമേ, അങ്ങു നിർദ്ദേശിച്ചതനുസരിച്ച്..."
3. പ്രാർത്ഥന 2: (*നിർബ്ബന്ധമില്ല*). പിതാവും സംരക്ഷകനുമായ ദൈവം.
4. ദൈവവചനം (*അന്നത്തെ ദിവസത്തിനായി*)
5. ലഘുവായ ധ്യാനം (*ലീഡർ/പങ്കുവയ്ക്കൽ*)
6. മദ്ധ്യസ്ഥപ്രാർത്ഥന.
7. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...
8. ഓ, പരിശുദ്ധ മാതാവേ...
9. സമാപന പ്രാർത്ഥന (*അന്നത്തെ ദിവസത്തിനായി*)
10. പരിശുദ്ധാത്മാവിന് സമർപ്പണം (*നിർബ്ബന്ധമില്ല*)
11. പരിശുദ്ധാത്മാവിനോടുള്ള ലുത്തീനിയ (*നിർബ്ബന്ധമില്ല*)

## പൊതുപ്രാർത്ഥനകൾ

### 1. പരിശുദ്ധാത്മാവേ വരേണമേ

**ലീഡർ**: പരിശുദ്ധാത്മാവേ വരണവേ, അങ്ങയുടെ വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും അഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കണമേ,

**സമൂഹം**: അങ്ങയുടെ സാന്നിധ്യത്താൽ ഭൂമിയുടെ മുഖം നവീകരിക്കണമേ.

### 2. ആമുഖ പ്രാർത്ഥന

**ലീഡർ** : പിതാവേ, അങ്ങയുടെ വിശ്വസ്തരുടെ ഹൃദയങ്ങളെ അവിടുത്തെ ആത്മാവിന്റെ വെളിച്ചത്താൽ നയിക്കുമല്ലോ. അങ്ങെ ആത്മാവിനെ ഞങ്ങൾക്കും തരണമേ. അങ്ങേ ദിവ്യ പ്രചോദനത്താൽ സത്യത്തെ തിരിച്ചറിയാനും നല്ലത് രുചിച്ചറിയാനും എപ്പോഴും അങ്ങേ സാന്ത്വനത്തിന്റെ പരിമളം അനുഭവിക്കാനും ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാ വഴി ഈ പ്രാർത്ഥന ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു.

### 3. പ്രാർത്ഥന (*നിർബ്ബന്ധമില്ല*)

**ലീഡറും സമൂഹവും** : ഞങ്ങളുടെ സ്രഷ്ടാവും പിതാവും സംരക്ഷകനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ സ്നേഹം ഞങ്ങൾക്കു വെളിപ്പെടുത്താനായി മനുഷ്യാവതാരം ചെയ്ത ഈശോയേ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമാണ് ഈശോ എന്ന തിരിച്ചറിവ് ഞങ്ങൾക്കു നൽകുന്ന പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു.

ലോകസ്ഥാപനം മുതൽ അങ്ങേ ദിവ്യസാന്നിദ്ധ്യത്താൽ ഭൂമിയുടെ മുഖം നവീകരിച്ചു കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. സെഹിയോൻ ഊട്ടുശാലയിൽ ദാഹത്തോടെ

കാത്തിരുന്ന പരിശുദ്ധ അമ്മയുടെയും ശ്ലീഹൻമാരുടെയും മേൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവേ ഈ സമൂഹത്തിന്റെ മേലും ഇറങ്ങി വരണമേ. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ കൃപയാൽ നിറയ്ക്കണമേ. അവിടുത്തെ ആലയമായ ഞങ്ങളുടെ ശരീരത്തെ അങ്ങ് വിശുദ്ധീകരിക്കണമേ, പിതാവിന്റെയും പുത്രന്റെയും ആത്മാവേ ഞങ്ങൾക്ക് ആഴമുള്ള ദൈവസ്നേഹാനുഭവത്തിലും വിശ്വാസത്തിലും വളരാൻ ആവശ്യമായ കൃപ തരണമേ. ആമേൻ.

## 8. പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥന

**ലീഡർ** :**സമൂഹവുമായി ചേർന്ന്**: ഓ... പരിശുദ്ധ മാതവേ, എന്റെ അമ്മേ, ഞാൻ പാപവഴികൾ ഉപേക്ഷിക്കുന്നതിനും ഈശോയുടെ വിലയേറിയ തിരുരക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നതിനും പരിശുദ്ധാത്മാവിന്റെ ഫലങ്ങളാൽ നിറയപ്പെടുന്നതിനുമായി അമ്മ പ്രാർത്ഥിക്കണമേ..... പാപത്താൽ കഠിനമാക്കപ്പെട്ട ഹൃദയം എടുത്തുമാറ്റി എസക്കിയേൽ പ്രവാചകൻ വഴി വാഗ്ദാനം ചെയ്യപ്പെട്ട പുതിയ ഹൃദയം തരണമേ. "അവർക്കു ഞാൻ ഒരു പുതിയ ഹൃദയം നൽകും ; ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി ഒരു മാംസളഹൃദയം ഞാൻ കൊടുക്കും. അങ്ങനെ അവർ എന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുകയും എന്റെ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുകയും ചെയ്യും അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും." (എസക്കി 11 : 19,20). പരിശുദ്ധയും സ്നേഹനിധിയുമായ എന്റെ അമ്മേ, പരിശുദ്ധാത്മ സ്നേഹത്താൽ നിറഞ്ഞ് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന പുതിയ മനുഷ്യനെ ധരിക്കാനായി അമ്മ എനിക്കായി പ്രാർത്ഥിക്കണമേ.



# ഒന്നാം ദിവസം

## ഒന്നാം ദിവസം

### 4. വചനഭാഗം : യോഹന്നാൻ 14:15 – 26

### 6. മദ്ധ്യസ്ഥപ്രാർത്ഥന

**ലീഡർ**: നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടും കൂടെ പരിശുദ്ധാത്മാവേ, അവിടുത്തെ ജ്ഞാനത്താൽ ഞങ്ങളെ നിറയ്ക്കണമേ എന്ന് അപേക്ഷിക്കാം. ജ്ഞാനം നമ്മിലെ വിശ്വാസം വർദ്ധിപ്പിക്കുന്നു, പ്രത്യാശയെ ബലപ്പെടുത്തുന്നു. നന്മകൾ പരിശീലിക്കുന്ന ജീവിതത്തിന് ഉടമകളാക്കുന്നു. നന്മയും തിന്മയും തിരിച്ചറിയാൻ നമ്മുടെ ബുദ്ധിക്ക് പ്രകാശം നൽകുന്നു. ലോകത്തിന്റെ നൈമിഷിക സുഖങ്ങളിൽ സന്തോഷം കണ്ടെത്താതെ, അനുദിന ജീവിതത്തിലെ സഹനങ്ങളിലൂടെയും കുരിശുകളിലൂടെയും സ്വർഗ്ഗീയ സന്തോഷം കണ്ടെത്താൻ ജ്ഞാനം നമ്മെ യോഗ്യരാക്കുന്നു,

**സമൂഹം : ജ്ഞാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയണമേ.**

1. പന്തക്കുസ്തത്തിരുനാളിൽ ശ്ലീഹന്മാരുടെ മേൽ ഇറങ്ങിവന്ന് തന്റെ ദാനങ്ങളാൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ, അങ്ങേ ജ്ഞാനത്താൽ ഞങ്ങളും നിറയപ്പെടുന്നതിനായി,

**സമൂഹം : ജ്ഞാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയണമേ.**

2. പരിശുദ്ധാത്മാവേ, അങ്ങേ ശക്തിയാൽ ഞങ്ങൾ വിശ്വാസത്തിൽ ആഴപ്പെടുന്നതിനും ലോകം മുഴവൻ യേശുവിനു സാക്ഷികളാകാനുമായി,

**സമൂഹം : ജ്ഞാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയണമേ.**

3. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഞങ്ങൾക്ക് അവബോധം ഉണ്ടാകുന്നതിനും അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ ദൈവനീതിയിലും വിശ്വസ്ഥതയിലും ജീവിക്കുന്നതിനായി,

**സമൂഹം : ജ്ഞാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയണമെ.**

4. ജീസസ് യൂത്ത് കൂട്ടായ്മയിലുള്ളവരെല്ലാം പരിശുദ്ധാത്മാവിനോടുചേർന്ന് വിശുദ്ധ ജീവിതം നയിക്കാൻ,

**സമൂഹം: ജ്ഞാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയണമേ**.

**9. സമാപന പ്രാർത്ഥന**

**ലീഡർ**: ഓ, ദൈവമേ... അങ്ങേ പരിശുദ്ധ സ്നേഹംകൊണ്ട് അങ്ങു ഞങ്ങളുടെ ഹൃദയങ്ങളെ നിറച്ചുവല്ലോ. അങ്ങു ഞങ്ങൾക്കായി നൽകുന്നതും ചെയ്യുന്നതുമായ അനുഗ്രഹങ്ങളോർത്ത് ഒരിക്കലും വിട്ടുപിരിയാതെ അങ്ങയെ അത്മാർത്ഥമായി സ്നേഹിക്കാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങു ദാനമായി നൽകിയ ഈ ജീവിതത്തിൽ ഞങ്ങളുടെ കർത്താവും ഗുരുവും സ്നേഹിതനുമായ, ഈശോയെപ്പോലെ ചുറ്റുമുള്ളവരെയെല്ലാം നിസ്വാർത്ഥമായി സ്നേഹിക്കാനും അവരുടെ ആവശ്യങ്ങളിലെല്ലാം അവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ എന്ന് കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം**: ആമേൻ

# രണ്ടാം ദിവസം

## രണ്ടാം ദിവസം

**4. വചനഭാഗം യോഹ. 7: 37 – 39.**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

**ലീഡർ**: ദൈവിക രഹസ്യം ജ്ഞാനികളിൽനിന്നു മറച്ചുവെച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയ കർത്താവിനോട് നമുക്ക് പ്രാർത്ഥിക്കാം. അറിയുന്നവ മനസ്സിലാക്കാനുള്ള കൃപ പകരുന്നത് പരിശുദ്ധാത്മാവാണ്. നാം അറിയുന്ന വിശ്വാസസത്യങ്ങളെ മനസ്സിലാക്കുമ്പോഴാണ് അവയെ രുചിച്ചറിയാനാവുന്നത്. വെളിപ്പെട്ടുകിട്ടുന്ന ദൈവിക രഹസ്യങ്ങൾ ഉള്ളിൽ സ്വീകരിച്ച് സ്വന്തമാക്കുമ്പോഴാണ് നമ്മുടെ ജീവിതം പുതുതാക്കപ്പെടുന്നത്,
**സമൂഹം: പരിശുദ്ധാത്മാവേ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

1. വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകുമെന്ന് അരുളിച്ചെയ്തതുപോലെ.
**സമൂഹം : പരിശുദ്ധാത്മാവേ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

2. ദൈവമേ, വചനമായ അങ്ങ് ഞങ്ങളുടെ ഇടയിൽ മാംസം ധരിച്ചതുപോലെ, ഞങ്ങളിലും ഹൃദയത്തിൽ സ്വീകരിക്കുന്ന ദൈവവചനം ജീവിതത്തിൽ മാംസം ധരിക്കുവാനായി,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

3. ദൈവമേ, അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ എല്ലാ പുണ്യങ്ങളാലും കഴിവുകളാലും മറ്റുള്ളവർക്ക് നന്മ ചെയ്യുവാനും അതുവഴി ദൈവമഹത്വം ഉണ്ടാകുന്നതിനുമായി,
**സമൂഹം: പരിശുദ്ധാത്മാവേ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

4. പരിശുദ്ധാത്മാവേ, ശാസ്ത്രീയമായും സാങ്കേതികമായും അങ്ങു നൽകുന്ന എല്ലാ അറിവുകളും നന്മയ്ക്കുവേണ്ടി മാത്രം വിനിയോഗിക്കുന്നതിനായി,
**സമൂഹം: പരിശുദ്ധാത്മാവേ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

5. എല്ലാ ജീസസ് യൂത്ത് പ്രാർത്ഥനാ ഗ്രൂപ്പുകളും സെൽ ഗ്രൂപ്പുകളും അനേകർക്ക് ചൈതന്യം പകരുന്നതായിത്തീരുന്നതിനായി,
**സമൂഹം: പരിശുദ്ധാത്മാവേ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ.**

**9. സമാപന പ്രാർത്ഥന**

***ലീഡർ***: ഓ ദൈവമേ, പരിശുദ്ധാത്മ ഫലമായ ആനന്ദത്താൽ ഞങ്ങളെ നിറയ്ക്കണമേ. എപ്പോഴും സന്തോഷത്തോടെ കഴിയാൻ ഞങ്ങളെ സഹായിക്കണമേ. പ്രതീക്ഷയ്ക്ക് വിപരീതമായ കാര്യങ്ങൾ സംഭവിക്കുമ്പോൾ പുഞ്ചിരിയോടെ നേരിടാനും, ഞങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളിലെല്ലാം നന്മയുടെ വശം കണ്ടെത്താനും, അങ്ങേയ്ക്കു നന്ദി പറയാനും ഞങ്ങൾക്കാകട്ടെ. ഞെരുക്കങ്ങളിൽ പിറുപിറുത്തും പരാതിപറഞ്ഞും ഞങ്ങളിലെ പ്രത്യാശ നഷ്ടപ്പെടാതെ കാക്കണമേ. എല്ലായ്പ്പോഴും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്നു പൂർണ്ണമനസ്സോടെ പറയാൻ ഞങ്ങളെ കഴിവുള്ളവരാക്കണമേ എന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
**സമൂഹം : ആമേൻ**



# മൂന്നാം ദിവസം

## മൂന്നാം ദിവസം

**4. വചനഭാഗം: 1 കോറി 12:1 – 11.**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

**ലീഡർ**: നമുക്കെല്ലാവർക്കും സ്നേഹത്തോടും സന്തോഷത്തോടുംകൂടി കർത്താവേ അങ്ങേ വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കാം. ജീവിതപ്രതിസന്ധികളിൽ ശരിയും തെറ്റും വിവേചിച്ചറിയാനും, ശരിയായവ തെരഞ്ഞെടുക്കാനും ഈ പരിശുദ്ധാത്മ ദാനം നമ്മെ സഹായിക്കുന്നു. ക്രിസ്തീയ വിശ്വാസികൾ എന്ന നിലയിൽ നമ്മൾ ആയിരിക്കുന്ന എല്ലാ ജീവിതസാഹചര്യങ്ങളിലും ദൈവം ആഗ്രഹിക്കുന്നവ വിവേചിച്ചറിഞ്ഞ് ജീവിക്കാൻ നമുക്ക് സാധിക്കുന്നു. രക്ഷയിലേക്കുള്ള ഈ ജീവിത യാത്രയിൽ, അമൂല്യമായ നിധിയാണ് വിവേകം. എല്ലാറ്റിലും ഉപരി ദൈവം നയിക്കുന്ന സത്യത്തിന്റെ പാതയിൽ ചരിക്കാൻ ഇതു നമ്മെ യോഗ്യരാക്കുന്നു,

**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

1. ദൈവമേ, അങ്ങയുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഞങ്ങൾ അങ്ങ് ദാനമായി നൽകിയ ബുദ്ധിയും കഴിവുകളും അങ്ങയുടെ ഹിതമനുസരിച്ചു മാത്രം വിനിയോഗിക്കാനായി,

**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

2. ദൈവമേ, അങ്ങേ ആത്മാവിന്റെ അനുഗ്രഹങ്ങളാലും വരങ്ങളാലും അങ്ങു സഭയെ സമ്പന്നമാക്കുന്നുവല്ലോ. സ്നേഹത്തിൽ വേരൂന്നി വിശുദ്ധിയിൽ സഭയോടു ചേർന്ന് നിൽക്കുവാനും സഭയെ പടുത്തുയർത്തുവാനുമായി,

**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

3. ദൈവമെ അനുദിന ജീവിതത്തിൽ ഞങ്ങളുടെ എല്ലാ കാര്യങ്ങളിലും അങ്ങയുടെ ഇഷ്ടം മാത്രം അന്വേഷിക്കുവാനും അതു നിറവേറ്റാനുമായി,
**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

4. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകൾ എന്ന പോലെ ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ വിവേകത്തോടെ നേരിടാനായി,
**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

5. ജീസസ് യൂത്തിനെ നയിക്കുന്ന എല്ലാ ആനിമേറ്റേഴ്സും എൽഡേഴ്സും സഹായികളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനായി,
**സമൂഹം: കർത്താവേ, വിവേകത്തിന്റെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ.**

**9. സമാപനപ്രാർത്ഥന**

ദൈവമേ, പരിശുദ്ധാത്മ ഫലമായ സമാധാനം തരണമേ. .......അനുദിന ജീവിതത്തിലെ പ്രതിസന്ധികളിൽ ആകുലപ്പെടാതെ അസ്വസ്ഥരാകാതെ എല്ലാം ശാന്തതയോടെ നേരിടാൻ ഞങ്ങളെ സഹായിക്കണമേ. ഞെരുക്കങ്ങളിലും മറ്റുള്ളവർ മൂലം ഉണ്ടാകുന്ന വിഷമങ്ങളിലും സമചിത്തത വെടിയാതെ സമാധാനത്തോടെ വർത്തിക്കാൻ ഞങ്ങളെ അനുഗ്രഹി ക്കണമേ എന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശാഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു,
**സമൂഹം : ആമ്മേൻ.**



# നാലാം ദിവസം

## നാലാംദിവസം

**4. വചനഭാഗം: അപ്പ: 4:23 – 31**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

**ലീഡർ**: അനുദിന ജീവിതത്തിൽ എപ്പോഴും നമ്മൊട് ഒപ്പമായിരിക്കുന്ന പരിശുദ്ധാത്മാവിന് നമ്മെത്തന്നെ ഭരമേൽപ്പിക്കാം. പരിശുദ്ധാത്മ ശക്തിയിൽ നാം നയിക്കപ്പെടാനും അവിടുത്തെ ദാനമായ സഹന ശക്തിയാൽ നിറയപ്പെടാനും പ്രാർത്ഥിക്കാം. സഹനശക്തി ആത്മ ധൈര്യം പ്രദാനം ചെയ്യുന്നു. ഇതുമൂലം സകലഭയങ്ങളെയും നാം അതിജീവിക്കുന്നു. ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ പ്രത്യാശ കൈവിടാതെ നമ്മെ ഭരമേൽപ്പിക്കുന്നവ നിറവേറ്റാൻ സാധിക്കുന്നു. രക്ഷാകരമായ സഹനത്തിന്റെ വേളകളെ സന്തോഷത്തോടെ സ്വീകരിക്കാനും. അവസാനം വരെ സഹിച്ചുനിന്ന് രക്ഷ സ്വന്തമാക്കാനും സഹനശക്തി നമ്മെ യോഗ്യരാക്കുന്നു,
**സമൂഹം: ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

1. ആദിമ സഭയെ ശക്തിയിലും കൃപയുടെ നിറവിലും നയിച്ച പരിശുദ്ധാത്മാവേ, അങ്ങയിലുള്ള വിശ്വാസം ധൈര്യപൂർവ്വം പ്രഘോഷിക്കുന്നതിന്,
**സമൂഹം: ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

2. ഈശോയേ, ഈ ലോകത്ത് ഞങ്ങൾ സഹിക്കേണ്ട പീഡനങ്ങളെയും കഷ്ടതകളെയും കുറിച്ച് അങ്ങു ഞങ്ങൾക്കു മനസിലാക്കി തന്നു. വിശ്വാസത്തിൽ ആഴപ്പെട്ട് ഞങ്ങൾക്കുണ്ടാകുന്ന സഹനങ്ങളെ സ്വീകരിക്കാനുള്ള ശക്തിക്കായി,
**സമൂഹം: ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

3. ക്രിസ്ത്യാനികൾക്കെതിരേ നടക്കുന്ന എല്ലാ പീഡനങ്ങൾക്കും നടുവിലും എല്ലാവരും പതറാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു സഹിച്ചു നിൽക്കുന്നതിനായി,

**സമൂഹം: ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

4. ഈ കാലഘട്ടത്തിന്റെ പ്രവാചകരാകാൻ വിളിക്കപ്പെട്ട ഞങ്ങളിൽ ഓരോ വ്യക്തിയും ചുറ്റുമുള്ള തിന്മകൾ തിരിച്ചറിയുന്നതിനും നന്മമാത്രം സ്വീകരിച്ച് സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുന്നതിനുമായി,

**സമൂഹം : ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

5. ജീസസ് യൂത്ത് നേതൃത്വങ്ങൾ അനേകർക്ക് മാതൃകയും പ്രചോദനവുമായിത്തീരാൻ,

**സമൂഹം: ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ നിറയ്ക്കണമേ.**

### 9. സമാപന പ്രാർത്ഥന

**ലീഡർ**: ഓ.. ദൈവമേ, പരിശുദ്ധാത്മഫലമായ ക്ഷമയാൽ ഞങ്ങളെ നിറയ്ക്കണമേ. ഞങ്ങൾ ആയിരിക്കുന്ന എല്ലാ ജീവിതസാഹചര്യങ്ങളിലും ക്ഷമ കൈവിടാതെ, മറ്റുള്ളവരോട് സഹിഷ്ണുതയോടെ വർത്തിക്കാൻ ഞങ്ങളെ സഹായിക്കണമേ. അസ്വസ്ഥരാകുകയും കോപിക്കുകയും എതിർക്കുകയും ചെയ്യാൻ സാദ്ധ്യതയുള്ള എല്ലാ സാഹചര്യങ്ങളിലും അങ്ങു ഞങ്ങൾക്കു കൂട്ടായിരിക്കണമേ. ഞങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യങ്ങൾ നടക്കാതെ വരുമ്പോഴും വിപരീതമായവ സംഭവിക്കുമ്പോഴും, പ്രത്യാശ നഷ്ടപ്പെടാതെ എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന അങ്ങയുടെ പരിപാലനയിലാശ്രയിച്ച് ക്ഷമയോടെ നിലകൊള്ളാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം: ആമേൻ**



# അഞ്ചാം ദിവസം

## അഞ്ചാം ദിവസം

### 4. വചന ഭാഗം : 1. കോറിന്തോസ് 14:1–5

### 6. മദ്ധ്യസ്ഥപ്രാർത്ഥന

**ലീഡർ**: നമ്മൾക്കെല്ലാവർക്കും ഭക്തിയോടും വിശ്വാസത്തോടും കൂടെ പരിശുദ്ധാത്മാവിനോട് 'അറിവ്' എന്ന ദാനം തരണമേയെന്ന് പ്രാർത്ഥിക്കാം. ദൈവത്തിന്റെ ശക്തിയെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാകുമ്പോൾ മനുഷ്യന്റെ നിസ്സാരത വെളിപ്പെടുന്നു. ജീവിത പ്രതിസന്ധികളിൽ ദൈവത്തിന് നമ്മോടുള്ള കരുതലും സ്നേഹവും തിരിച്ചറിയുമ്പോഴാണ്, എല്ലായ്പ്പോഴും അവിടുത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിക്കുന്നത്. അവിടുത്തെ കരങ്ങളിലെ ഉപകരണം മാത്രമാണ് നാമെന്ന് ഈ പരിശുദ്ധാത്മദാനം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. എല്ലാത്തിനെക്കാളുമുപരി ദൈവവുമായുള്ള ബന്ധത്തിന് വില കല്പിക്കുന്നവൻ അറിവാകുന്ന അരുവി സ്വന്തമാക്കുന്നു,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

1. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ഈശോയെപ്പോലെ ഞങ്ങളും വളരാനായി,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

2. ലൗകീക സുഖങ്ങളുടെ നിസ്സാരത തിരിച്ചറിഞ്ഞു ജീവിക്കാനായി,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

3. ഞങ്ങളുടെ ബുദ്ധിയും മനസ്സും അങ്ങയുടെ ദാനങ്ങളാണെന്ന തിരിച്ചറിവിൽ ജീവിക്കാനായി,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

4. എല്ലായ്പ്പോഴും ദൈവസ്വരം തിരിച്ചറിഞ്ഞ് ആനന്ദകരമായി ജീവിക്കുന്നതിന്,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

5. ദൈവ വചനത്തിൽ അധിഷ്ഠിതമായ ജീവിത ശൈലിക്ക് ഉടമയാകാൻ,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

6. ദൈവരാജ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ജീസസ് യൂത്തിനും മിഷനറിയുടെ തീക്ഷ്ണതയുണ്ടാകാനായി,

**സമൂഹം: കർത്താവേ, അറിവെന്ന പരിശുദ്ധാത്മദാനത്താൽ ഞങ്ങളെ നിറയ്ക്കണമേ.**

**9. സമാപന പ്രാർത്ഥന**

ഓ.. ദൈവമേ, ദയയെന്ന പരിശുദ്ധാത്മഫലത്താൽ ഞങ്ങളെ നിറയ്ക്കണമേ. മറ്റുള്ളവർക്കു നന്മ ചെയ്യാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാനും , നന്മ ചെയ്യുന്നതിൽ സന്തോഷിക്കാനും ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങൾക്കുള്ളത് ആവശ്യക്കാരുമായി സന്തോഷത്തോടെ പങ്കുവയ്ക്കാനും ആരെയും പുച്ഛിക്കാതെ മുറിപ്പെടുത്താതെ, എല്ലാവരിലെയും നന്മ കാണാനും വേദനിപ്പിക്കുന്നവരോടു നിരുപാധികം ക്ഷമിക്കാനും ഞങ്ങളെ ശക്തരാക്കണമേ. എല്ലായ്പ്പോഴും എല്ലാവരോടും ദയയോടെ വർത്തിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : ആമേൻ.**



# ആറാം ദിവസം

## ആറാം ദിവസം

**4. ദൈവവചനഭാഗം : റോമ. 8: 26 – 30**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

**ലീഡർ**: നമ്മൾ ആവശ്യപ്പെടുന്നതെല്ലാം സമൃദ്ധിയിൽ നൽകാൻ കഴിയുന്ന പരിശുദ്ധാത്മാവിനോട് നമ്മളിൽ വന്നു നിറയാനായി പ്രാർത്ഥിക്കാം. ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ. ദൈവഭക്തി എന്ന ദാനം നമ്മുടെ ഹൃദയങ്ങളിൽ ദൈവപിതാവിനോടുള്ള സ്നേഹം ജനിപ്പിക്കുന്നു. ഈ സ്നേഹത്തെപ്രതി അവിടുത്തേക്കു സമർപ്പിക്കപ്പെട്ട സകലതിനെയും സകലരെയും പരി. അമ്മയെയും, വിശുദ്ധരെയും, വിശ്വാസികളെയും സഭയെയും, സഭാധികാരികളെയും ഭരണാധികാരികളെയും നമ്മൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ദൈവഭക്തിയുള്ള ഒരു വ്യക്തിക്ക് ഭക്താനുഷ്ഠാനങ്ങൾ ഒരിക്കലും ഒരു ഭാരമാകുന്നില്ല. മറിച്ച്, ആനന്ദപൂരിതമായ അനുഭവമാകുന്നു,
**സമൂഹം : ഓ.. എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

1. ഞങ്ങൾ ദൈവഭക്തിയിൽ ആനന്ദിക്കാനും സമാധാനത്തിന്റെ മാധുര്യം അനുഭവിക്കാനുമായി,
**സമൂഹം : ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

2. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവരായി എന്നും നിലകൊള്ളാൻ,
**സമൂഹം : ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

3. ജ്ഞാനത്തിന്റെ ഉറവിടമായ ദൈവഭക്തി ആഴത്തിൽ നിറയാനും എപ്പോഴും ദൈവഹിതം മാത്രം നിറവേറ്റാനുമായി,

**സമൂഹം: ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

4. ബലഹീനതയിൽ ശക്തി പകരുന്ന പരിശുദ്ധാത്മാവിനെ എപ്പോഴും കൂട്ടുപിടിച്ചു ജീവിക്കാനായി,

**സമൂഹം: ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

5. എല്ലാ ജീസസ് യൂത്ത് മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സും ടീം അംഗങ്ങളും വിശ്വസ്തതയോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ,

**സമൂഹം: ഓ... എന്റെ ജീവനേ, ഭക്തിയുടെ സ്രോതസേ, എന്നിൽ വന്നു നിറയണമേ.**

## 9. സമാപന പ്രാർത്ഥന

ഓ.. എന്റെ ദൈവമേ, നന്മയെന്ന പുണ്യം ഞങ്ങളിൽ നിറയ്ക്കണമേ ഞങ്ങളുടെ പ്രവൃത്തികൾവഴി ഞങ്ങൾ അനേകർക്കു മാതൃകയാകട്ടെ. ഞങ്ങൾ ആർക്കും ദുഷ്പ്രേരണയ്ക്കു കാരണമാകാതിരിക്കട്ടെ. ഞങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളവരാകാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധമായ ചിന്തകളാൽ ഞങ്ങളെ നയിക്കണമേ. ഞങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ട അവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവ് ഞങ്ങളിൽ എപ്പോഴും നൽകണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു,

**സമൂഹം : ആമേൻ**



## ഏഴാം ദിവസം

## ഏഴാം ദിവസം

### 4. വചനഭാഗം : ഗലാത്തിയ 5 : 22 – 26

### 6. മദ്ധ്യസ്ഥപ്രാർത്ഥന

**ലീഡർ**: നമ്മുടെ പൂർവ്വപിതാക്കന്മാരോടു ചെയ്ത വാഗ്ദാനം നിറവേറ്റിയ ദൈവത്തോടുള്ള വിശ്വസ്തതയിൽ അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് ദൈവഭയത്തിൽ ജീവിക്കുന്നതിനും അതുവഴി പ്രകാശത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകുന്നതിനുമായി നമുക്കു പ്രാർത്ഥിക്കാം. പാപത്തെ വെറുത്തുപേക്ഷിക്കാനും പാപം ചെയ്തു ദൈവത്തെ വേദനിപ്പിക്കാതിരിക്കാനും ദൈവഭയം നമ്മെ സഹായിക്കുന്നു. നരകത്തെക്കുറിച്ച് ഭയപ്പെടാനല്ല മറിച്ച്, നമുക്ക് ദൈവപിതാവിനോടുള്ള സ്നേഹവും ആദരവും വിധേയത്വവും പ്രകടമാക്കാൻ ഈ പരിശുദ്ധാത്മദാനം നമ്മെ ശക്തരാക്കുന്നു. ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ലോകമോഹങ്ങൾ ഒരിക്കലും നമ്മെ കീഴ്പ്പെടുത്താതെ നാം ദൈവപിതാവിന്റെ സ്നേഹവലയത്തിലാകുന്നു. ദൈവദൃഷ്ടിയിൽ സ്വീകാര്യമായവരുടെ ആത്മാക്കളെ അവിടുന്ന് അനുദിനം ശുദ്ധീകരിക്കുന്നു,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

1. തിരുരക്തത്താൽ ഞങ്ങളെ വീണ്ടെടുത്ത, പരിശുദ്ധ അമ്മയുടെ പ്രിയപുത്രനായ മിശിഹായേ, ഞങ്ങളുടെ പാപബന്ധനങ്ങളിൽനിന്ന് ഞങ്ങൾ മോചിതരാകാൻ,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

2. അങ്ങയുടെ ഉയിർപ്പിന്റെ ശക്തി തിരിച്ചറിഞ്ഞ് അവിടുത്തെ ജീവിതവും മരണവു മഹത്വപ്പെടുത്തി വിശ്വസ്തതയോടെ ജീവിക്കാനായി,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

രക്ഷയുടെ സദ്വാർത്ത ലോകമെങ്ങും അറിയിക്കാനായി ശ്ലീഹൻമാരെ തെരഞ്ഞെടുക്കുകയും എപ്പോഴും കൂടെയുണ്ടാകുമെന്ന് വാഗ്ദാനം നൽകുകയും ചെയ്ത കർത്താവേ,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

4. അങ്ങു സ്ഥാപിച്ച സഭയെ ആത്മാർഥമായി സ്നേഹിക്കാനും അതിന്റെ മൂല്യം തിരിച്ചറിഞ്ഞ് രക്ഷയുടെ ദൗത്യം തുടരാനുമായി,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

എല്ലാ ജീസസ് യൂത്ത് അംഗങ്ങളും കൗദാശിക ജീവിതത്തിൽ അടിസ്ഥാനമിട്ട് മുന്നേറാനായി,

**സമൂഹം: അനുദിനം ദൈവഭയത്തിൽ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

**9. സമാപന പ്രാർത്ഥന**

ഓ.. ദൈവമേ, അങ്ങയോടും മറ്റുള്ളവരോടും ഞങ്ങളോടു തന്നെയും വിശ്വസ്തരായിരിക്കാൻ ഞങ്ങളെ സഹായിക്കണമേ. എല്ലായ്പ്പോഴും സത്യം മാത്രം പറയാനും, താഴ്മയോടെ വർത്തിക്കാനും മറ്റുള്ളവരെ വിധിക്കാതെ ഞങ്ങളെക്കാൾ ശ്രേഷ്ഠരായി അവരെ കരുതാനും ഞങ്ങളെ

ശക്തരാക്കണമെ. ഞങ്ങളുടെ ബലഹീനതയിൽ അങ്ങു ഞങ്ങൾക്കു ബലം പകരണമേ. ഞങ്ങളെ സ്നേഹിക്കുന്നവരും ഞങ്ങൾ സ്നേഹിക്കുന്നവരുമായ ആരെയും വേദനിപ്പിക്കാതെ അവർക്കായി ചെയ്യുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയുള്ളവരായിരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഞങ്ങളുടെ കർത്താവ് ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം: ആമേൻ.**



# എട്ടാം ദിവസം

## എട്ടാം ദിവസം

**4. വചനഭാഗം : അപ്പ. പ്രവ. 2–37 – 47**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

ലീഡർ: രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്താനായി പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ച ദൈവത്തോടു പരിശുദ്ധാത്മാവിന്റെ ഫലങ്ങളാലും ദാനങ്ങളാലും നമ്മെ നിറയ്ക്കണമെന്ന് പ്രാർത്ഥിക്കാം,
**സമൂഹം: കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

1. ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെ ഞങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലൂടെ ദൈവരാജ്യം ഇവിടെ സ്ഥാപിതമാകുവാനായി,
**സമൂഹം : കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

2. ഈശോയേ, അവിടുത്തെ അമ്മയെ ഞങ്ങൾക്കും അമ്മയായി നൽകിയല്ലോ. അങ്ങ് ആഗ്രഹിക്കുന്നതുപോലെ ഈ അമ്മയിലൂടെ ഞങ്ങൾ അങ്ങയിലെത്തിച്ചേരാൻ,
**സമൂഹം : കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

3. അങ്ങു സ്ഥാപിച്ച കൂദാശകളെ ഏറ്റവും യോഗ്യതയോടെ സ്വീകരിച്ച്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഞങ്ങളെത്തന്നെ കൂടുതൽ വിശുദ്ധീകരിക്കാൻ,
**സമൂഹം: കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

4. എളിമ, അനുസരണം എന്നീ പുണ്യങ്ങളാൽ പരിശുദ്ധ അമ്മയെ അനുകരിച്ച് മറ്റുള്ളവരെ അങ്ങയിലേക്കടുപ്പിക്കാൻ,

**സമൂഹം: കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

5. പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യത്തോടു സാദൃശ്യമുള്ള ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെ ഞങ്ങളും കൂട്ടായ്മയുടെ ഐക്യത്തിൽ ശക്തിപ്പെടാൻ,

**സമൂഹം: കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

6. എല്ലാ ജീസസ് യൂത്ത് സഹോദരങ്ങളും ദൈവവിളി തിരിച്ചറിഞ്ഞ് സ്വീകരിക്കാനും ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കാനും,

**സമൂഹം : കർത്താവേ, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും, ഫലങ്ങളാലും ഞങ്ങളെ നിറയ്ക്കണമേ.**

### 9. സമാപന പ്രർത്ഥന

ഓ.. ദൈവമേ, ഞങ്ങൾക്ക് സൗമ്യതയെന്ന ഫലം നൽകണമേ. പരുഷമായ വാക്കുകളാലും പ്രവൃത്തികളാലും മറ്റുള്ളവരെ വേദനിപ്പിക്കാനും മുറിപ്പെടുത്താനും ഞങ്ങൾക്ക് ഇടയാക്കാതിരിക്കാൻ ഞങ്ങളെ സഹായിക്കണമേ. മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരായി ഞങ്ങൾ ഒരിക്കലും മാറാതിരിക്കട്ടെ. മറ്റുള്ളവർ ഞങ്ങളോട് എങ്ങനെ പെരുമാറണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടു പെരുമാറാനും ഞങ്ങളെ ശക്തരാക്കണമേ. രോഗികളോടും ദു:ഖിതരോടും പ്രായമായവരോടും അവശരോടും കരുണയും കരുതലും ഉള്ളവരായിരിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം: ആമേൻ**



# ഒമ്പതാം ദിവസം

## ഒമ്പതാം ദിവസം

**4. വചനഭാഗം : അപ്പ. 2:1–13**

**6. മദ്ധ്യസ്ഥപ്രാർത്ഥന**

**ലീഡർ**: തന്റെ ദാനങ്ങളാലും ഫലങ്ങളാലും നമ്മെ നിറച്ച പരിശുദ്ധാത്മാവിന് ഉത്സാഹത്തോടും സന്തോഷത്തോടും കൂടി നമുക്കു നന്ദി പറയാം,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു**

1. പ്രാർത്ഥനയിലായിരുന്ന പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും മേൽ തീനാള രൂപത്തിൽ ഇറങ്ങിവന്ന് അവരെ ശക്തിപ്പെടുത്തിയ,
**സമൂഹം : പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു**

2. ഭൂമിയുടെ അതിർത്തികൾവരെ, രക്ഷയുടെ സദ്വാർത്ത അറിയിക്കാനായി ശ്ലീഹന്മാരെ തെരഞ്ഞെടുക്കുകയും തന്റെ ദാനങ്ങളാലും വരങ്ങളാലും അവരെ നിറയ്ക്കുകയും ചെയ്ത,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു**

3. ഭാരതസുവിശേഷവത്കരണത്തിനായി അനേകരുടെ സമയവും കഴിവുകളും വിനിയോഗിക്കാൻ പ്രചോദിപ്പിച്ച,
**സമൂഹം : പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു**

4. സഭയെ നയിക്കാനായി എല്ലായ്പ്പോഴും പരിശുദ്ധപിതാവിനെയും മെത്രാന്മാരെയും ശക്തിപ്പെടുത്തുന്ന,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു**

5. നിത്യവും ഞങ്ങളിൽ വസിച്ച് ഞങ്ങളെ വിശുദ്ധീകരിക്കുന്ന,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു**

6. എല്ലാ ജീസസ് യൂത്ത് സഹോദരങ്ങളും സഭയോട് ചേർന്നുനിന്ന് സഭയെ പടുത്തുയർത്താനും മരണംവരെ വിശ്വസ്തരായിരിക്കാനുമായി,
**സമൂഹം: പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു**

## 9. സമാപന പ്രാർത്ഥന

ഓ.. ദൈവമേ, ഞങ്ങൾക്ക് ആത്മസംയമനം നൽകണമേ. ഞങ്ങളുടെ വികാരങ്ങളെയും നാവിനെയും നിയന്ത്രിക്കാൻ സഹായിക്കണമേ. മറ്റുള്ളവരെ വേദനിപ്പിക്കുന്ന വിധത്തിൽ ഞങ്ങൾ സംസാരിക്കുകയോ പെരുമാറുകയോ ചെയ്യാതിരിക്കട്ടെ. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അസൂയയുടെയും ദുരാത്മാക്കളിൽ നിന്ന്ഞങ്ങളുടെ ഹൃദയങ്ങളെ വിമുക്തമാക്കണമേ. ഞങ്ങളുടെ വികാരങ്ങളും പ്രവർത്തികളും സ്നേഹത്തിൽ വേരൂന്നിയതാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെയെന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
**സമൂഹം: ആമേൻ**



# പന്തക്കുസ്താ
# തിരുനാൾ

## പന്തക്കുസ്താ തിരുനാൾ

**പ്രാരംഭ പ്രാർത്ഥന**

**സ്തുതി : ജോയൽ 2:28 – 32**

**ദൈവവചനം : അപ്പ. 2: 1– 47**

## പ്രാർത്ഥന

ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
യേശുവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.
പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു.
പരിശുദ്ധാത്മാവേ, ഞങ്ങളിൽ വന്നു നിറയണമേ
ഒരു പുതിയ പന്തക്കുസ്താ അനുഭവം ഞങ്ങൾക്കു നൽകണമേ
പരിശുദ്ധാത്മാവേ, ഞങ്ങളെ വിശുദ്ധീകരിക്കണമേ
പരിശുദ്ധാത്മാവേ, ഞങ്ങളെ നയിക്കണമേ
ലോകത്തിനു സാക്ഷ്യം നൽകുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.
സ്നേഹംനിറഞ്ഞ അമ്മേ, ഞങ്ങളുടെ പ്രാർത്ഥനകൾ സ്നേഹംനിറഞ്ഞ പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കണമേ. അങ്ങനെ ഞങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ ദാനങ്ങളും അനുഗ്രഹങ്ങളും ലഭിക്കുമാറാകട്ടെ. അങ്ങയുടെ മദ്ധ്യസ്ഥതയാലും സഹായത്താലും, പിതാവായ ദൈവം ഞങ്ങളെ പുണ്യങ്ങൾകൊണ്ടും ദാനങ്ങൾകൊണ്ടും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾകൊണ്ടും അനുഗ്രഹിക്കുമാറാകട്ടെ. ആമ്മേൻ.

## ദൈവത്തിന്റെ വാഗ്ദാനവും, ഏഴ് ദാനങ്ങളുടെ നിത്യാരാധനയും

പരിശുദ്ധാത്മാവേ! എഴുന്നള്ളിവരിക. അങ്ങേ വെളിവിന്റെ കതിർ ആകാശത്തിൽനിന്നു അയച്ചുകൊൾക. അഗതികളുടെ പിതാവേ! ദാനങ്ങൾ കൊടുക്കുന്നവനേ! ഹൃദയത്തിന്റെ പ്രകാശമേ! എഴുന്നള്ളിവരിക. എത്രയും നല്ല ആശ്വസിപ്പിക്കുന്നവനേ! ആത്മാവിനു മധുരമായ വിരുന്നേ! മധുരമായ തണുപ്പേ! അലച്ചിലിൽ സുഖമേ! ഉഷ്ണത്തിൽ തണുപ്പേ! കരച്ചിലിൽ സ്വൈര്യമേ! എഴുന്നള്ളിവരിക. എത്രയും ആനന്ദത്തോടുകൂടിയിരിക്കുന്ന പ്രകാശമേ! അങ്ങേ വിശ്വാസികളുടെ ഹൃദയത്തിന്റെ ഉള്ളുകളെ നിറയ്ക്കുക. അങ്ങേ വെളിവുകൂടാതെ മനുഷ്യരിൽ പാപമല്ലാതെ ഒന്നുമില്ല. അറപ്പുള്ളതു കഴുകുക. വാടിപ്പോയതു നനയ്ക്കുക. മുറിവേറ്റിരിക്കുന്നത് സുഖപ്പെടുത്തുക. രോഗപ്പെട്ടത് സുഖപ്പെടുത്തുക. കടുപ്പമുള്ളതു മയപ്പെടുത്തുക. തണുപ്പുള്ളത് ചൂടുപിടിപ്പിക്കുക. പെരുവഴിയല്ലാതെ പോയതു തിരിക്കുക. അങ്ങിൽ ശരണപ്പെട്ടിരിക്കുന്ന വിശ്വാസികൾക്ക് അങ്ങേ ഏഴുവിശുദ്ധ ദാനങ്ങൾ നൽകുക. ഭാഗ്യമരണവും പുണ്യയോഗ്യതയും, നിത്യാനന്ദവും ഞങ്ങൾക്കു തരിക. ആമ്മേനീശോ.

## പരിശുദ്ധാത്മാവിനു പ്രതിഷ്ഠിക്കുന്ന പ്രാർത്ഥന

ദൈവത്തിന്റെ നിത്യനായ പരിശുദ്ധാത്മാവേ, സ്വർഗ്ഗീയ സാക്ഷികളുടെ മഹാസമൂഹത്തിനു മുമ്പിൽ, മുട്ടിൻമേൽ നിന്നുകൊണ്ട് എന്നെത്തന്നെ, എന്റെ ആത്മാവിനെയും ശരീരത്തെയും ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധിയുടെ വെണ്മയെയും അങ്ങയുടെ തെറ്റുവരാത്ത സൂക്ഷ്മമായ നീതിയെയും അങ്ങയുടെ സ്നേഹത്തിന്റെ ശക്തിയെയും ഞാൻ ആരാ

ധിക്കുന്നു. അങ്ങുന്ന് എന്റെ ആത്മാവിന്റെ ശക്തിയും പ്രകാശവുമാകുന്നു. ഞാൻ അങ്ങയിൽ ജീവിക്കുകയും ചലിക്കുകയും ആയിരിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൃപാവരത്തോട് അവിശ്വസ്തത കാണിച്ച് അങ്ങയെ ഒരിക്കലും ദു:ഖിപ്പിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. അങ്ങേക്കെതിരായി ഏറ്റവും ചെറിയ പാപം പോലും ചെയ്ത് അങ്ങയെ ഉപദ്രവിക്കാൻ എനിക്ക് ഇടയാക്കല്ലേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ഓരോ ചിന്തയെയും അവിടുന്നു കാരുണ്യപൂർവ്വം കാത്തുസൂക്ഷിക്കണമേ, എപ്പോഴും അങ്ങയുടെ പ്രകാശത്തിലേക്കു നോക്കാനും അങ്ങയുടെ സ്വരം കേൾക്കാനും അങ്ങയുടെ കരുണാമയമായ പ്രചോദനങ്ങളെ പിന്തുടരാനും എനിക്ക് അനുഗ്രഹം നൽകണമേ. ഞാൻ അങ്ങയിൽ പൂർണ്ണമായി ആശ്രയിക്കുന്നു. എന്നെത്തന്നെ അങ്ങേക്ക് സമർപ്പിക്കുന്നു. എന്റെ ബലഹീനതയിൽ എന്നെ സംരക്ഷിക്കണമെന്നു ഞാൻ യാചിക്കുന്നു.

യേശുവിന്റെ മുറിവേറ്റ പാദങ്ങളിൽ പിടിച്ചുകൊണ്ടും അവിടുത്തെ അഞ്ചു തിരുമുറിവുകളിൽ നോക്കികൊണ്ടും അവിടുത്തെ അമൂല്യരക്തത്തിൽ ആശ്രയിച്ചുകൊണ്ടും അവിടുത്തെ വിലാപ്പുറത്തെയും കുത്തിമുറിവേല്പിക്കപ്പെട്ട ഹൃദയത്തെയും ആരാധിച്ചുകൊണ്ടും ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ആരാധ്യനായ പരിശുദ്ധാരൂപിയും ദൗർബല്യത്തിൽ എന്റെ സഹായിയുമായ അങ്ങയോടു ഞാൻ യാചിക്കുന്നു. ഞാൻ ഒരിക്കലും അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കാൻ അങ്ങയുടെ കൃപാവരത്താൽ സഹായിക്കണമേ. പരിശുദ്ധാത്മാവേ, പിതാവിന്റെയും പുത്രന്റെയും ചൈതന്യമേ, എനിക്ക് അനുഗ്രഹം നൽകണമേ. അങ്ങനെ എപ്പോഴും എല്ലായിടത്തും "കർത്താവേ, സംസാരിച്ചാലും അങ്ങയുടെ ദാസൻ കേൾക്കുന്നുണ്ട്." എന്ന് ഞാൻ പറയാൻ ഇടയാകട്ടെ. ആമേൻ.

# ലുത്തിനിയ

കർത്താവേ, കനിയണമേ
ക്രിസ്തുവേ, കനിയണമേ
കർത്താവേ, കനിയണമേ
ക്രിസ്തുവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ
ക്രിസ്തുവേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**
ദൈവത്തിന്റെ പുത്രാ, ലോകവിമോചകാ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**
പരിശുദ്ധാത്മാവായ ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**
പരിശുദ്ധ ത്രിത്വമേ, ഏക ദൈവമേ / **ഞങ്ങളെ അനുഗ്രഹിക്കണമേ.**
പിതാവിനും പുത്രനും സമനായ പരിശുദ്ധാത്മാവേ /
**ഞങ്ങളിൽ വന്നു നിറയണമേ.**
പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവേ / **ഞങ്ങളിൽ വന്നു നിറയണമേ.**
ലോകത്തിന്റെ മുഖം നവീകരിക്കുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളിൽ വന്നു നിറയണമേ.**
പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ എഴുന്നള്ളി വന്ന പരിശുദ്ധാത്മാവേ / **ഞങ്ങളിൽ വന്നു നിറയണമേ.**
ആദിമ ക്രൈസ്തവ സമൂഹത്തിൽ നിറഞ്ഞപരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
അത്ഭുതങ്ങളും അടയാളങ്ങളും നടത്തുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
യേശുവിന്റെ സാക്ഷികളാകാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
വചനത്താൽ ഞങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**

സഭയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
കൂദാശകളാൽ ഞങ്ങളെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
പ്രലോഭനങ്ങളെ അതിജീവിക്കാൻ ശക്തിനൽകുന്ന പരിശുദ്ധാത്മാവേ/
**ഞങ്ങളെ നയിക്കണമേ.**
പാപബോധം നൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**
നീതിബോധം നൽകുന്ന പരിശുദ്ധാത്മാവേ / **ഞങ്ങളെ നയിക്കണമേ.**
അന്ത്യവിധിയെക്കുറിച്ച് ഞങ്ങളെ പഠിപ്പിച്ച പരിശുദ്ധാത്മാവേ /
**ഞങ്ങളെ നയിക്കണമേ.**
സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് ഞങ്ങളെ നയിച്ച പരിശുദ്ധാത്മാവേ/
**ഞങ്ങളെ നയിക്കണമേ.**
ഞങ്ങൾക്ക് ജീവൻ സമൃദ്ധമായി നൽകുന്ന പരിശുദ്ധാത്മാവേ / ഞങ്ങളെ
**നയിക്കണമേ.**
ജ്ഞാനത്തിന്റെ ആത്മാവേ / **ഞങ്ങളെ നയിക്കണമേ.**
ബുദ്ധിയുടെ ദിവ്യപ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**
ജ്ഞാനത്തിന്റെ ഉറവിടമേ / **ഞങ്ങളെ നയിക്കണമേ.**
ആത്മീയ ശക്തിയുടെ രശ്മികൾ പരത്തുന്നവനേ / **ഞങ്ങളെ നയിക്കണമേ.**
അറിവിന്റെ പ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**
ഭക്തിയുടെ ജീവശക്തിയേ / **ഞങ്ങളെ നയിക്കണമേ.**
ദൈവഭയത്തിന്റെ പ്രകാശമേ / **ഞങ്ങളെ നയിക്കണമേ.**
വിശ്വാസത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
പ്രത്യാശയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
സ്നേഹത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**

ആനന്ദത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
സമാധാനത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
എളിമയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
മാന്യതയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ക്ഷമയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ആത്മനിയന്ത്രണത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
നന്മയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
കരുണയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ഐക്യത്തിന്റെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
വിശുദ്ധിയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
വിശ്വസ്തതയുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ദൈവമക്കളുടെ ആത്മാവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
സഭയുടെ സംരക്ഷകാ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ദിവ്യകൃപയുടെ ഉറവിടമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
സഹനത്തിൽ ആശ്വാസമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
നിത്യപ്രകാശമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ജീവന്റെ ഉറവയേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
ആത്മീയ അഭിഷേകമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
മാലാഖമാരുടെ ആനന്ദമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
പ്രവാചകന്മാരുടെ പ്രചോദനമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
അപ്പസ്തോലന്മാരുടെ ഗുരുവേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
രക്തസാക്ഷികളുടെ ശക്തിയുടെ ഉറവിടമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
വിശുദ്ധരുടെ ആനന്ദമേ / **ഞങ്ങളെ ശുദ്ധീകരിക്കണമേ.**
പരിശുദ്ധാത്മാവേ, കരുണയുള്ളവനേ /
**ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.**

പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / **ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**
പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / **ഞങ്ങളെ അനുഗ്രഹിക്കണമേ...**
പിതാവിനോടും പുത്രനോടും ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവേ എല്ലാവരെയും വിശുദ്ധീകരിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുന്നവനേ അങ്ങയുടെ ദാസരുടെ ഹൃദയങ്ങളിൽ നിറയണമേ. അത്യുന്നതനായ പിതാവിന്റെ ദാനവും, ജീവന്റെ ഉറവയും ആത്മീയ അഭിഷേകവും, അഗ്നിയും, സ്നേഹവുമായവനേ.

## പ്രാർത്ഥന

പിതാവിനോടും പുത്രനോടുംകൂടെ ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവേ, എല്ലാവരെയും വിശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവനേ, അങ്ങയുടെ ദാസരുടെ ഹൃദയങ്ങളിൽ നിറയണമേ, അവിടുന്ന് അത്യുന്നതനായ ദൈവത്തിന്റെ ദാനവും ജീവന്റെ ഉറവിടവും ആദ്ധ്യാത്മിക അഭിഷേകവുമാണ്. അഗ്നിയും സ്നേഹവുമാണ്. അങ്ങുന്ന പിതാവിന്റെ വാഗ്ദാനമാണ്. ഏഴു ദാനങ്ങളുടെ ഉടമസ്ഥനാണ്. അങ്ങയുടെ ദാനങ്ങളും ഫലങ്ങളുംകൊണ്ട് ഞങ്ങളെ സമ്പന്നരാക്കണമേ. വിശുദ്ധിയോടെ ചിന്തിക്കാനും വിനയത്തോടെ സംസാരിക്കാനും വിവേകത്തോടെ പ്രവർത്തിക്കാനുമുള്ള വരം നൽകണമേ. സഹനങ്ങളുടെയിടയിൽ സ്ഥിരോത്സാഹത്തോടെ പിടിച്ചു നിൽക്കാനും സംശയങ്ങളെ ദൂരീകരിക്കാനും ജീവിത്തിലെ മോഹഭംഗങ്ങളിൽ പ്രത്യാശ കൈവിടാതിരിക്കാനും സ്നേഹിക്കാനും മറ്റുള്ളവരിൽ അങ്ങയെ കാണാനും അനുഗ്രഹിക്കണമേ. സർവ്വശക്തനായ പിതാവിനോടും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിനോടുംകൂടെ എന്നെന്നും ജീവിച്ചുവാഴുന്ന അങ്ങേക്ക് എല്ലാ സ്തുതിയും മഹത്വവും കൃതജ്ഞതയും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

## ജീസസ് യൂത്ത്

## പുന:സമർപ്പണ പ്രാർത്ഥന

പിതാവായ ദൈവമേ, ജീവനും സ്നേഹവുമാകുന്ന ദാനങ്ങളെ ഓർത്ത് അങ്ങയെ ഞാൻ സ്തുതിക്കുകയും അങ്ങേക്കു നന്ദിപറയുകയും അങ്ങയെ ആരാധിക്കുകയും ചെയ്യുന്നു. എന്റെ കഴിഞ്ഞകാലത്തെപ്പറ്റി ഓർമ്മിക്കുമ്പോൾ എന്റെ ഹൃദയം നന്ദികൊണ്ടു നിറയുന്നു. എന്റെ ഇപ്പോഴത്തെ ജീവിതത്തെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു: ഭാവിയിലേക്കു പ്രത്യാശയോടെ നോക്കുകയും ചെയ്യുന്നു. ഞാൻ അങ്ങയുടെ കുഞ്ഞായിരിക്കുന്നതിൽ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തിലുള്ള എന്റെ സഹോദരീ സഹോദരന്മാരുടെ മനോഹരമായ കൂട്ടായ്മയിലൂടെ ഞാൻ അനുഭവിക്കുന്ന സ്നേഹത്തിനും സംരക്ഷണയ്ക്കും പിതാവേ, അങ്ങയോടു ഞാൻ നന്ദിപറയുന്നു.

കർത്താവായ യേശുവേ, ഞാൻ എന്നെത്തന്നെ ഒരിക്കൽക്കൂടി അങ്ങേക്കു സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഇരുട്ടിന്റെ എല്ലാ ശക്തികളെയും ഞാൻ ഉപേക്ഷിക്കുന്നു. എന്റെ കർത്താവും എന്റെ ജീവിതത്തിന്റെ രക്ഷകനുമായി ഞാൻ അങ്ങയെ സ്വീകരിക്കുകയും ചെയ്യുന്നു. ഉത്ഥിതനായ കർത്താവേ, എന്നെയും എനിക്കുള്ള സകലതും അങ്ങയുടെ സേവനത്തിനായി ഈ മുന്നേറ്റത്തിലൂടെ സമർപ്പിക്കാൻ സഹായിക്കുന്നതിനു ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. ഞാൻ എന്റെ ജീവിതംമുഴുവൻ അങ്ങേയ്ക്ക്

സമർപ്പിക്കുന്നു. ഈശോയേ, എനിക്ക് അങ്ങയെ മാത്രമേ ആവശ്യമുള്ളൂ. എന്റെ കഴിഞ്ഞകാലത്തെ സുഖപ്പെടുത്തണമേ, എന്റെ വർത്തമാനകാലത്തെ അനുഗ്രഹിക്കണമേ, എന്റെ ഭാവിയെ നിയന്ത്രിക്കണമേ.

പരിശുദ്ധാത്മാവേ, എന്റെ ജീവിതത്തിലെ ഓരോ നിമിഷത്തിലും അവിടുന്നു നൽകുന്ന മാർഗ്ഗനിർദ്ദേശത്തിന് ഞാൻ നന്ദി പറയുന്നു. ദൈവികസഹായകാ, എന്നിൽ അവിടുന്നു നിരന്തരം സന്നിഹിതനായിരിക്കുന്നതിന് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങേക്കുവേണ്ടിയുള്ള എന്റെ ദാഹത്തെ തീവ്രതരമാക്കണമേ. അങ്ങയോട് ആഴത്തിലുള്ളതും വ്യക്തിപരവുമായ ഒരു ബന്ധം എനിക്കുണ്ടാകട്ടെ. ഈ പന്തക്കുസ്തായിൽ, കൂടുതൽ ഉത്സാഹത്തോടും സമർപ്പണബുദ്ധിയോടും കൂടെ ദൈവരാജ്യം അന്വേഷിക്കാൻ എന്നെ സഹായിക്കണമേ. അങ്ങയുടെ എല്ലാ ദാനങ്ങളും ഫലങ്ങളും സിദ്ധികളുംകൊണ്ട് എന്നെ അനുഗ്രഹിക്കണമേ. അങ്ങനെ ഞാൻ നിരന്തരം വിശുദ്ധിയിൽ വളരുകയും എന്റെ പ്രേഷിതത്വ വിളിക്കനുസരിച്ച് വിശ്വസ്തതയോടെ ജീവിക്കുകയും ചെയ്യട്ടെ.

ത്രിത്വൈക ദൈവമേ, ഞാൻ ലോകത്തിലുള്ള എല്ലാ ജീസസ് യൂത്ത് അംഗങ്ങളോടുമൊപ്പം എന്നെത്തന്നെ അങ്ങേക്കു സമർപ്പിക്കുന്നു. കർത്താവേ, ഞങ്ങളുടെ മുന്നേറ്റത്തെ അനുഭാവത്തോടെ നോക്കിക്കാണണമേ. ഞങ്ങളുടെ പരിശ്രമങ്ങളിൽ ഞങ്ങളെ നയിക്കണമേ. ശത്രുവിന്റെ എല്ലാ കെണികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കണമേ. അങ്ങയുടെ രാജ്യത്തിന്റെ വളർച്ചയ്ക്കും അങ്ങയുടെ നാമത്തിന്റെ വർദ്ധിച്ച മഹത്വത്തിനുംവേണ്ടി ഞങ്ങൾക്കു നൽകി അനുഗ്രഹിച്ച എല്ലാ വിഭവങ്ങളെയും ഉപയോഗിക്കാൻ ഞങ്ങളെ സഹായിക്കണമേ, ഞങ്ങളുടെ ജീസസ് യൂത്ത് കുടുംബത്തെയും പലവിധത്തിൽ ഞങ്ങളെ സഹായിക്കുന്ന എല്ലാവരുടെയും മേൽ അങ്ങയുടെ അനുഗ്രഹം വർഷിക്കണമേ. എപ്പോഴും സഭയ്ക്ക് സേവനം ചെയ്യുന്ന ഒരു പ്രേഷിതത്വ മുന്നേറ്റമായിരിക്കാൻ ഞങ്ങളുടെ അമ്മയായ കന്യകാമറിയത്തിന്റെ പ്രാർത്ഥനവഴി ഞങ്ങൾക്ക് അനുഗ്രഹം നൽകണമേ. ആമേൻ.

A MISSIONARY
MOVEMENT
AT THE SERVICE
OF THE CHURCH

www.jesusyouth.org

## Jesus Youth

Jesus Youth is an international Catholic youth movement with a charismatic spirituality. It had its beginnings in Kerala (India), and is presently active in twenty-two different countries of the world. Jesus Youth is an initiative of young people filled with the Holy Spirit who try to reach out to other young people. The strength of the movement is its special focus on a Jesus-centred life, beginning with an experience of God, nourished by prayer, the Word of God, the sacraments and fellowship, and sharing the Good News with others. Though not an actual community, Jesus Youth is a network of small but vibrant groups of young people. In their own life situations, they strive to set apart time for the Lord, responding to the challenges of today's world in the power of the Holy Spirit.

**To know more, get in touch with us.**

| | |
|---|---|
| USA | : usa@jesusyouth.org |
| Canada | : canada@jesusyouth.org |
| UK | : uk@jesusyouth.org |
| Ireland | : ireland@jesusyouth.org |
| Germany | : germany@jesusyouth.org |
| Italy | : italy@jesusyouth.org |
| Switzerland | : switzerland@jesusyouth.org |
| UAE | : uae@jesusyouth.org |
| Kuwait | : kuwait@jesusyouth.org |
| Oman | : oman@jesusyouth.org |
| Qatar | : qatar@jesusyouth.org |
| Bahrain | : bahrain@jesusyouth.org |
| India | : india@jesusyouth.org |
| Sri Lanka | : srilanka@jesusyouth.org |
| Singapore | : singapore@jesusyouth.org |
| Malaysia | : malaysia@jesusyouth.org |
| South Korea | : southkorea@jesusyouth.org |
| Thailand | : thailand@jesusyouth.org |
| Australia | : australia@jesusyouth.org |
| New Zealand | : newzealand@jesusyouth.org |

PREPARED BY
JESUS YOUTH INTERNATIONAL TEAM

Jesus Youth
Emmaus, HMT Colony P.O.,
Ernakulam, Kerala, India - 683 503
Tel : 0484 2555980
www.jesusyouth.org